(ബി)

പ്രവൃത്തികൾ	സാമ്പത്തിക വർഷം				
	2010-11	2011-12	2012-13	2013-14	2014 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ)
എച്ച്.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	3644.67	2572.24	1579.21	1883.79	852.6
എൽ.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	6928.69	4089	3066.16	3734.82	1776.99
വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	5800	4375	2643	3200	1783
പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം (നമ്പർ)	442611	413669	403421	415216	228822
കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	708556	615719	651072	1039790	173640

ശബരി റെയിൽ

53 (2291) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിലിന്റെ കാലടി റെയിൽവേ സ്റ്റേഷൻ വരെയുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനു കാരണമെന്തെന്നു വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. ലെവൽ ക്രോസിംഗുകളിൽ അണ്ടർ പാസുകളുടേയും ഓവർ ബ്രിഡ്ജുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി റെയിൽവേ ലൈനിന്റെ ഉയരത്തിൽ അൽപ്പം വ്യത്യാസം വരുത്തേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(ബി) 31-12-2014-നകം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്ന് അങ്കമാലി എയർപോർട്ട് റോഡിൽ മനയ്ക്കപ്പടിയും മറ്റൊന്ന് നായത്തോടുമാണ്.

വൈകി ഓടുന്ന ട്രെയിനുകൾ

54 (2292) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ വഴിയുള്ള തീരദേശ റെയിൽവെ പാതയിൽകൂടി ഓടുന്ന എല്ലാ പാസഞ്ചർ ട്രെയിനുകളും വൈകിയാണ് ഓടുന്നതെന്നുള്ള വാർത്തകളും നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥിരമായി ട്രെയിനുകൾ വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം ചിലപ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കഴിവതും ട്രെയിനുകൾ വൈകിയോടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്.

സബർബൻ റെയിൽവേ പദ്ധതി

55 (2293) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽവേ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;